ചെയ്തിരുന്നുവോ/ചെയ്യുന്നുവോ/ചെയ്യാം നമ്പരായി അയച്ച ഓർഡറിൻ പ്രകാരം അനുമതി നൽകിയിരുന്നുവോ;

(ബി) അതിനു ഗവണ്മെൻറിൽനിന്നുള്ള സബ്സിഡി കൊടുത്തുവോ;

(സി) പ്രസ്തുത സെൻറർ പ്രവർത്തകർ കിണർ കഴിച്ചിട്ട് എത്ര കൊല്ലമായി;

(ഡി) ഗവണ്മെൻറിൽനിന്നുള്ള സബ്സിഡി കിട്ടിയില്ല എന്നു കാണിച്ചു സെൻറർ പ്രവർത്തകർ വളരെ പ്രാവശ്യം കൃഷിഡയറക്ടർക്കും ഗവർമ്മെൻറിലേക്കും എഴുതിയിട്ടും സബ്സിഡി കൊടുക്കുന്നതിനുള്ള കാലതാമസത്തിനു കാരണമെന്ത്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര:)

(എ) നൽകിയിരുന്നു.

(ബി) ഇല്ല.

(സി) രണ്ടു കൊല്ലം

(ഡി) മുമ്പു കഴിച്ചിട്ടുള്ള കിണറുകൾക്ക് സബ്സിഡി കൊടുക്കുന്നതിനു കഴിഞ്ഞകൊല്ലത്തെ ബഡ്ജറിൽ ഗ്രാൻറില്ലായിരുന്നു. ഈയാണ്ടത്തെ ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള ഗ്രാൻറിൽനിന്നു പ്രസ്തുത കിണറുകളുടെ സബ്സിഡി കൊടുക്കുന്നതിനു ഉത്തരവുകൾ അയച്ചുകഴിഞ്ഞിരിക്കുന്നു.

കോഴഞ്ചേരി പാലം

*ചോ. (ചോ) ശ്രീ. കെ. ഏ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കോഴഞ്ചേരി പാലം തീർന്നിട്ടു മുന്നു വർഷങ്ങൾ ആയിട്ടും അതിലേക്ക് ഉപയോഗിച്ചിരുന്ന ആറു ട്രസ്സസ് (Trusses) വെയ്ലും മഴയും ഏറ്റു് ആറുമണൽപ്പുറത്തും, അമ്പതു നല്ല തേക്കുകഴകൾ കോഴഞ്ചേരി ബസ്സ് സ്റ്റാൻഡിനു സമീപവും ഉപയോഗശൂന്യമായി കിടന്നു നഷ്ടപ്പെട്ടു പോകുന്നതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇവയെ യഥാവസരം മാറ്റി സൂക്ഷിക്കുന്നതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരാണു്;

(സി) എന്തെങ്കിലും നടപടി ഇതേസംബന്ധിച്ചു ഗവണ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

ഉത്തരം തയ്യാറായിട്ടില്ല.

TRANSPORT STRIKE

†*207. [28] **Sri. Neelakantaru Pandarathil:** Will the hon. Minister for Transport be pleased to state.—

(*a*) the reasons leading to the transport strike in connection with the incident at Thuckalai;

(*b*) whether Government have instituted any enquiry into the conduct of the officer concerned; and

(*c*) the reasons for declaring transport system as an essential service?

†Put by Sri. R. K. Ram with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly